"ഭരണഭാഷ-മാതൃഭാഷ"


കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in


തീയതി : 13-10-2020

**സർക്കുലർ നം 83**

ജയിലുകളിൽ പ്രവേശിക്കുന്നതും പുറത്ത് പോകുന്നതുമായ എല്ലാവരുടേയും പേര് വിവരങ്ങൾ ആധികാരികമായി സൂക്ഷിക്കുന്ന ഗേറ്റ് രജിസ്റ്റർ പല ജയിൽ സ്ഥാപനങ്ങളിലും വളരെ അലക്ഷ്യമായി കൈകാര്യം ചെയ്തുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഗേറ്റ് രജിസ്റ്റർ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതുമൂലം പല ക്രമക്കേടുകളും നടത്തുന്നതിന് സഹായകമാകുന്നുണ്ട്. അടുത്ത കാലത്ത് ഗേറ്റ് രജിസ്റ്ററുകളിലെ രേഖകൾ കൃത്യമല്ലാത്തതു മൂലം ഒട്ടേറെ ഓഡിറ്റ് വിയോജനങ്ങൾ ഉണ്ടായിട്ടുണ്ട്. ഗേറ്റിൽ ഉദ്യോഗസ്ഥാനുദ്യോഗസ്ഥരുടെ പ്രവേശനം സംബന്ധിച്ചും സാധനങ്ങളുടേയും വസ്തുക്കളുടേയും പ്രവേശനം സംബന്ധിച്ചും ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സമയം, അളവ് എന്നിവ യഥാക്രമം രേഖപ്പെടുത്തി ഗേറ്റിൻ്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യേണ്ടതും എല്ലാ ദിവസവും പരിശോധനയ്ക്ക് രാവിലെയും വൈകുന്നേരവും സൂപ്രണ്ടിന് സമർപ്പിക്കേണ്ടതുമാണ്. **സൂപ്രണ്ടുമാർ, നിയാമനുസരണം അവ കൈകാര്യം ചെയ്യേണ്ടതിൻ്റെ പ്രാധാന്യം ജീവനക്കാരെ ബോധ്യപ്പെടുത്തേണ്ടതും** ടി രജിസ്റ്ററുകളിൽ ജയിലിൽ പ്രവേശിക്കുന്നവരുടെ പേര് വിവരങ്ങളും വരുന്നതും പോകുന്നതുമായ സമയവും സാധനങ്ങളുടെ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ടി രജിസ്റ്ററുകൾ അതാത് ദിവസം പരിശോധിച്ച് ബോധ്യപ്പെടേണ്ടതുമാണ്. ഗേറ്റ് രജിസ്റ്ററുകൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട ജയിൽ സ്ഥാപനമേധാവികൾക്കെതിരെയും, ഗേറ്റ് കീപ്പർമാർക്കെതിരെയും നടപടി സ്വീകരിക്കുന്നതായിരിക്കും.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല
എല്ലാ സ്ഥാപനമേധാവികൾക്കും